ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 18.01.2025** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1. ഗ്രാമീണ മേഖലയിലെ ഡിജിറ്റൽവത്കരണത്തിലൂടെ ജനങ്ങളെ ശാക്തീകരിക്കാൻ സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. സ്വാമിത്വ പദ്ധതിയുടെ കീഴിൽ 65 ലക്ഷം പ്രോപ്പർട്ടി കാർഡുകൾ പ്രധാനമന്ത്രി ഇന്ന് വിതരണം ചെയ്യും.

   **Prime Minister Narendra Modi said that people have been empowered through digitalization in rural areas. The Prime Minister will distribute 65 lakh property cards under the Swamitva scheme today.**

2. ആഗോള തലത്തിൽ സുരക്ഷാ വെല്ലുവിളികൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇന്ത്യയുടെ പ്രതിരോധ- പ്രത്യാക്രമണ സംവിധാനങ്ങൾ ശക്തിപ്പെടുത്തണമെന്ന് രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിങ്.

   **Defence Minister Rajnath Singh has said that India's defence and counter-attack systems should be strengthened in the face of increasing security challenges at the global level.**

3. അടുത്ത രണ്ട് സാമ്പത്തിക വർഷം ഇന്ത്യയുടെ വളർച്ച 6.5 ശതമാനമായിരിക്കുമെന്ന് അന്താരാഷ്ട്ര നാണ്യ നിധി.

   **The International Monetary Fund has said that India's growth will be 6.5 percent in the next two financial years.**

4. പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ.

   **Prime Minister Narendra Modi's monthly radio address, Mann Ki Baat, where he shares ideas with the people, will be held tomorrow.**

5. തിരുവനന്തപുരം പാറശ്ശാല ഷാരോൺ വധക്കേസിൽ ശിക്ഷാവിധി തിങ്കളാഴ്ചത്തേക്ക് മാറ്റി.

**Sentencing in the Thiruvananthapuram Parassala Sharon murder case postponed to Monday.**

6. ഖോ ഖോ ലോകകപ്പിൽ ഇന്ത്യൻ പുരുഷ-വനിതാ ടീമുകൾ സെമിഫൈനലിൽ. ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ് - ബംഗുളൂരുവിനെയും, കേരള ബ്ലാസ്റ്റേഴ്സ് -നോർത്ത് ഈസ്റ്റ് യൂണൈറ്റഡിനെ നേരിടും.

**Indian men's and women's teams in the semi-finals of the Kho Kho World Cup. Hyderabad will face Bengaluru FC and Kerala Blasters will face NorthEast United FC in ISL football today.**

&&&&&&&&&&&&&&&&

## HEADLINE – 1
## PM-RURAL

ഗ്രാമീണ മേഖലയിലെ ഡിജിറ്റൽവത്കരണത്തിലൂടെ ജനങ്ങളെ ശാക്തീകരിക്കാൻ സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. സാങ്കേതിക വിദ്യയും സദ്ഭരണവും രാജ്യത്തെ കാർഷിക മേഖലയെ മികവുറ്റതാക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു. ഭൂരേഖകളുടെ ഡിജിറ്റൽവത്കരണം സുതാര്യത വർദ്ധിപ്പിക്കുകയും, ഭൂഅവകാശം ഉറപ്പാക്കുകയും ചെയ്യുതായും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&

## HEADLINE – 1(A)
## PM - SVAMITVA

രാജ്യത്തെ ഗ്രാമീണ മേഖലയെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന സ്വാമിത്വ പദ്ധതിയുടെ കീഴിൽ 65 ലക്ഷം പ്രോപ്പർട്ടി കാർഡുകൾ പ്രധാനമന്ത്രി

നരേന്ദ്രമോദി വിതരണം ചെയ്യുന്ന പരിപാടി പുരോഗമിക്കുന്നു. പത്ത് സംസ്ഥാനങ്ങളിലെയും രണ്ട് കേന്ദ്രഭരണപ്രദേശങ്ങളിലെയും 50,000-ലധികം ഗ്രാമങ്ങളിലെ വസ്തു ഉടമകൾക്കാണ് പ്രധാനമന്ത്രി ഓൺലൈനായി പ്രോപ്പർട്ടി കാർഡ് നൽകുന്നത്. ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് സ്വത്തിൻറെ ഉടമസ്ഥാവകാശം ഉറപ്പുവരുത്തുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&&

## BUDGET SESSION

പാർലമെന്റിന്റെ ബജറ്റ് സമ്മേളനം ഈ മാസം 31 മുതൽ ആരംഭിക്കും. രാഷ്ട്രപതി ദ്രൗപദി മുർമു ലോക്സഭയുടെയും രാജ്യസഭയുടെയും സംയുക്ത സമ്മേളനത്തെ 31-ന് അഭിസംബോധന ചെയ്യും. ഫെബ്രുവരി 1-ന് ബജറ്റ് അവതരിപ്പിക്കും. ബജറ്റ് സമ്മേളനത്തിന്റെ ആദ്യ പാദം 31 മുതൽ ഫെബ്രുവരി 13 വരെയും, രണ്ടാം പാദം മാർച്ച് 10 മുതൽ ഏപ്രിൽ 4 വരെയും നടക്കും.

&&&&&&&&&&&&&&&&

## HEADLINE – 2
## REV RAJNATH-DEFENSIVE

ആഗോള തലത്തിൽ പ്രതിരോധ- സുരക്ഷാ വെല്ലുവിളികൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇന്ത്യയുടെ പ്രതിരോധ-പ്രത്യാക്രമണ സംവിധാനങ്ങൾ ശക്തിപ്പെടുത്തണമെന്ന് രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിങ്. രാജ്യത്തിൻറെ പ്രതിരോധ മേഖലയിൽ സങ്കീർണതകൾ വർദ്ധിച്ചുവരികയാണെന്നും അദ്ദേഹം പറഞ്ഞു. 2024നെ അന്താരാഷ്ട്ര നാവിക സിവിലിയൻസ് വർഷമായി ആഘോഷിക്കുന്നതിൻറെ ഭാഗമായി ന്യൂഡൽഹിയിൽ സംഘടിപ്പിച്ച പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീ സിങ്.

&&&&&&&&&&&&&&&&

## JAISANKAR - INTRO

അടുത്ത രണ്ട് വർഷത്തിനുള്ളിൽ ഇന്ത്യ ലോകത്തെ മൂന്നാമത്തെ സാമ്പത്തിക ശക്തിയായി മാറുമെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. മുംബൈയിൽ 19 ാമത് നാനി എ പാൽഖിവാല അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. നിലവിൽ അഞ്ചാമത്തെ സമ്പദ് വ്യവസ്ഥയാണ് ഇന്ത്യ. ഉറച്ച നിലപാടുകളിലൂടെ ആഗോള തലത്തിൽ, ഇന്ത്യ പ്രത്യേക സ്ഥാനം ഉറപ്പിച്ചതായും ഇന്ത്യയുടെ ഓരോ നീക്കവും ലോകരാജ്യങ്ങൾ പ്രതീക്ഷയോടെയാണ് നോക്കുന്നതെന്നും ശ്രീ ജയ്ശങ്കർ വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&

## HEADLINE – 3
## IMF

അടുത്ത രണ്ട് സാമ്പത്തിക വർഷം ഇന്ത്യയുടെ വളർച്ച 6.5 ശതമാനമായിരിക്കുമെന്ന് അന്താരാഷ്ട്ര നാണ്യ നിധി. ലോകത്തെ വലിയ സാമ്പത്തിക ശക്തികളിൽ അതിവേഗം വളരുന്ന രാജ്യമാണ് ഇന്ത്യയെന്നും ഇന്നലെ പുറത്തുവിട്ട വേൾഡ് ഇക്കണോമിക് ഔട്ലുക്കിൽ അന്താരാഷ്ട്ര നാണ്യ നിധി വ്യക്തമാക്കുന്നു. ആഗോള വളർച്ചാ നിരക്ക് 2025-26 സാമ്പത്തിക വർഷത്തിലും 2026-27 സാമ്പത്തിക വർഷത്തിലും 3.3 ശതമാനമായിരിക്കുമെന്നും പ്രവചിക്കുന്നു.

&&&&&&&&&&&&&&&&

## RBI

എല്ലാ ബാങ്ക് അക്കൗണ്ടുകൾക്കും ലോക്കറുകൾക്കും നോമിനിനേഷൻ ഉണ്ടെന്ന് ഉറപ്പാക്കണമെന്ന് ബാങ്കുകളോട് നിർദേശിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. നിരവധി അക്കൗണ്ടുകൾക്ക് നോമിനി ഇല്ല എന്ന് കണ്ടെത്തിയതായും നിക്ഷേപകരുടെ മരണ ശേഷം കുടുംബാംഗങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിന് നോമിനേഷൻ അത്യന്താപേക്ഷിതമാണെന്നും റിസർവ് ബാങ്ക് പറഞ്ഞു. കാലാനുസൃതമായി ഇത്തരം പ്രവർത്തികൾ പൂർത്തിയാക്കാൻ ബാങ്കുകളിലെ ഉപഭോക്തൃ സേവന കമ്മിറ്റികളോട് ആർബിഐ നിർദേശിച്ചു. ഈ വർഷം മാർച്ച് 31 മുതൽ മൂന്ന്മാസ ഇടവേളയിൽ ആർബിഐയുടെ ദക്ഷ് പോർട്ടലിൽ റിപ്പോർട്ട് ചെയ്യണമെന്നും കേന്ദ്രബാങ്ക് അറിയിച്ചു.

&&&&&&&&&&&&&&&&

## DELHI ASSEMBLY

ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിനായി ആകെ 1521 നാമനിർദ്ദേശ പത്രികകൾ സമർപ്പിച്ചതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്നലെയാണ് അവസാനിച്ചത്. 680 പത്രികകളാണ് ഇന്നലെ സമർപ്പിച്ചത്. ന്യൂഡൽഹി നിയമസഭാ മണ്ഡലത്തിൽ 40 പേരാണ് പത്രിക സമർപ്പിച്ചത്. തിങ്കളാഴ്ച വരെ പത്രിക പിൻവലിക്കാം. വോട്ടെടുപ്പ് അടുത്തമാസം അഞ്ചിനും വോട്ടെണ്ണൽ എട്ടിനും നടക്കും.

&&&&&&&&&&&&&&&&

## HEADLINE – 4
## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ രാവിലെ 11 മണിക്ക്. മൻ കി ബാത്തിന്റെ 118-ാംാം പതിപ്പാണിത്. ആകാശവാണിയുടെ എല്ലാ നിലയങ്ങളും പരിപാടി തത്സമയം പ്രക്ഷേപണം ചെയ്യും. ദൂരദർശനിലും പരിപാടി സംപ്രേഷണം ചെയ്യും.

&&&&&&&&&&&&&&&&

## HEADLINE – 6
## KHO KHO WORLD CUP

ന്യൂഡൽഹിയിൽ നടക്കുന്ന ഖോ ഖോ ലോകകപ്പിൽ ഇന്ത്യൻ പുരുഷ-വനിതാ ടീമുകൾ സെമിഫൈനലിൽ പ്രവേശിച്ചു. പുരുഷ ടീം ശ്രീലങ്കയെയും, വനിതാ ടീം ബംഗ്ലാദേശിനെയും പരാജയപ്പെടുത്തിയാണ് സെമി ഫൈനലിലെത്തിയത്.

&&&&&&&&&&&&&&&&

## HEADLINE – 6(A)
## FOOTBALL-ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് രണ്ടു മത്സരങ്ങൾ. ആദ്യമത്സരത്തിൽ ഹൈദരാബാദ് - ബെംഗളൂരുവുമായി ഏറ്റുമുട്ടും. വൈകുന്നേരം 5 മണിക്ക് ഹൈദരാബാദിലാണ് മത്സരം. രാത്രി 7.30 ന് കൊച്ചിയിൽ നടക്കുന്ന രണ്ടാം മത്സരത്തിൽ, കേരള ബ്ലാസ്റ്റേഴ്സ് -നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും.

&&&&&&&&&&&&&&&&

## SIVANKUTTY - INTRO

മാലിന്യ സംസ്കരണത്തെ കുറിച്ച് ചർച്ച ചെയ്യുക മാത്രമല്ല മാലിന്യ നിർമാർജനത്തിന്റെയും പുനരുപയോഗത്തിന്റെയും വെല്ലുവിളികളെ നേരിടുന്നതിൽ ചെറുപ്പക്കാരെ പ്രചോദിപ്പിക്കുകയാണ് ശുചിത്വ ഉച്ചകോടി ലക്ഷ്യമിടുന്നതെന്ന് മന്ത്രി വി ശിവൻകുട്ടി. കുടുംബശ്രീ മിഷൻ സംഘടിപ്പിച്ച കുട്ടികളുടെ അന്താരാഷ്ട്ര ശുചിത്വ ഉച്ചകോടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&

## HEADLINE – 5
## SHARON MURDER CASE

തിരുവനന്തപുരം പാറശ്ശാല ഷാരോൺ വധക്കേസിൽ ഒന്നാം പ്രതി ഗ്രീഷ്മയുടെയും, മൂന്നാം പ്രതിയായ നിർമല കുമാറിൻറെയും ശിക്ഷാ വിധിയിൽ കോടതി ഇന്ന് അന്തിമ വാദം കേട്ടു. അപൂർവ്വങ്ങളിൽ അപൂർവ്വമായ കേസായതിനാൽ പരമാവധി ശിക്ഷ നല്കണമെന്നായിരുന്നു പ്രോസിക്യൂഷൻ വാദം. എന്നാൽ ഗ്രീഷ്മയ്ക്ക് 24 വയസ് മാത്രമാണ് പ്രായമെന്നും തുടർ പഠനത്തിന് പോകണമെന്നും കുറഞ്ഞ ശിക്ഷ നല്കണമെന്നുമാണ് പ്രതിഭാഗം വാദിച്ചത്. കേസിൽ ശിക്ഷാവിധി തിങ്കളാഴ്ചത്തേക്ക് മാറ്റി.

&&&&&&&&&&&&&&&&

## GANESH KUMAR

സ്വത്ത് തർക്കവുമായി ബന്ധപ്പെട്ട കേസിൽ മന്ത്രി കെ ബി ഗണേഷ് കുമാറിന് അനുകൂലമായി ഫോറൻസിക്

റിപ്പോർട്ട്. സ്വത്തുക്കൾ ഗണേഷ് കുമാറിൻറെ പേരിലാക്കിയ വിൽപ്പത്രത്തിലെ ഒപ്പ്, പിതാവും മുൻ മന്ത്രിയുമായ ആർ ബാലകൃഷ്ണ പിള്ളയുടേത് തന്നെയാണെന്ന് ഫോറൻസിക് റിപ്പോർട്ടിൽ പറയുന്നു. ഒപ്പ് വ്യാജമാണെന്ന് ഗണേഷ് കുമാറിൻറെ സഹോദരി നേരത്തെ വാദം ഉന്നയിച്ചിരുന്നു. സത്യം തെളിഞ്ഞതിൽ സന്തോഷമുണ്ടെന്ന് മന്ത്രി സമൂഹമാധ്യമത്തിലൂടെ പ്രതികരിച്ചു.

&&&&&&&&&&&&&&&&

## GEORGE KURIAN

വായനക്കാർക്ക് ആവശ്യമായ വിവരങ്ങൾ നൽകാൻ മാധ്യമങ്ങൾ തയ്യാറാകണമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. മാധ്യമങ്ങൾ പക്ഷപാതപരമായ വിവരങ്ങൾ നൽകുന്നതാണ് യുവതലമുറ പത്ര മാധ്യമങ്ങളിൽ നിന്ന് അകന്ന് പോകുന്നതിനു കാരണമെന്നും കേന്ദ്ര സഹമന്ത്രി പറഞ്ഞു. ജന്മഭൂമി ദിനപത്രത്തിന്റെ കണ്ണൂർ എഡിഷൻ പതിനെട്ടാം വാർഷികാഘോഷവും പി. പി .മുകുന്ദൻ സ്മരണികയായ വന്ദേ മുകുന്ദം പ്രകാശനവും നിർവഹിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&

## IMD

രാജ്യത്തെ വടക്കു പടിഞ്ഞാറൻ മേഖലയിൽ നാളെ വരെ അതിശൈത്യം തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ നാളെ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി കേരളാ തീരത്ത് ഇന്ന് രാത്രി വരെ ഉയർന്ന തിരമാലയ്ക്കും കലടാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

आकाशवाणी

&&&&&&&&&&&&&&&&

## ED-SIDDARAMAIAH

കള്ളപ്പണം വെളുപ്പിക്കൽ കേസിൽ കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ ഉൾപ്പെടെയുള്ളവരുടെ 300 കോടി രൂപ വിലമതിക്കുന്ന 142 സ്വത്ത് വകകൾ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് കണ്ടുകെട്ടി. മൈസൂരു അർബൻ ഡെവലപ്മെൻറ് അതോറിറ്റി ഭൂമി ഇടപാടുമായി ബന്ധപ്പെട്ട് കള്ളപ്പണം വെളുപ്പിച്ചെന്നാണ് കേസ്.

&&&&&&&&&&&&&&&&

## SAIF ALI KHAN-ATTACK

ബോളിവുഡ് നടൻ സെയ്ഫ് അലി ഖാന് ബാന്ദ്രയിലെ വസതിയിൽ കുത്തേറ്റ സംഭവത്തിൽ മുംബൈ പോലീസ് ഒരാളെ ചോദ്യം ചെയ്തു. വാരിസ് അലി സൽമാനി എന്നയാളെയാണ് ഇന്നലെ പോലീസ് ചോദ്യം ചെയ്തത്. സംഭവസ്ഥലത്തെ സിസിടിവി ക്യാമറകളിൽ നിന്ന് ലഭിച്ച അക്രമിയുടെ ചിത്രവുമായി സാദൃശ്യമുള്ളതിനാലാണ് പോലീസ് ഇയാളെ ചോദ്യം ചെയ്തത്. ബുധനാഴ്ച രാത്രി കുത്തേറ്റ സെയ്ഫ് അലി ഖാൻ അപകടനില തരണം ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&&&

## RAJNATH SINGH- PRAYAGRAJ

രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിങ് ഇന്ന് പ്രയാഗ്‌രാജ് സന്ദർശിക്കും. ത്രിവേണിസംഗമത്തിൽ പുണ്യസ്നാനം നടത്തുന്ന കേന്ദ്രമന്ത്രി നിരവധി പൂജകളിലും പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&